**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ റിസ്ക് ഫണ്ട് അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിരിക്കുന്ന സഹകാരികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുകയോ/ മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ വായ്പാക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾക്ക് വിധേയമായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും മരണാനന്തര ധനസഹായം/ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. വായ്പാക്കാരൻ മരണപ്പെട്ടാൽ അന്നേ ദിവസം ബാക്കിനിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി **മൂന്ന് ലക്ഷം രൂപയും,** വായ്പ എടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാധനസഹായമായി **ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും** റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ബോർഡിൽ നിന്നും അനുവദിച്ചു വരുന്നു. |
| (ബി) | ഇടുക്കി ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി 2022 ജനുവരി മുതൽ ഡിസംബർ വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ഇടുക്കി ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി 2022 ജനുവരി മുതൽ ഡിസംബർ വരെ ആകെ **666 അപേക്ഷകൾ** ലഭിച്ചിട്ടുണ്ട്. ആയതിൽ അർഹരായ **27 അപേക്ഷകൾക്ക്** റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ **85അപേക്ഷകൾ** നിരസിച്ചിട്ടുള്ളതും, 118 അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക്/ സംഘങ്ങൾക്ക് കത്ത് അയച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 436 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം വായ്പാക്കാരൻ മരണപ്പെട്ടാൽ, മരണപ്പെട്ട തീയതിയിൽ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതലിൽ വായ്പാക്കാരൻ കുടിശ്ശിക വരുത്തിയാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി 4(b) പ്രകാരം മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ ചികിത്സാ ധനസഹായത്തിന് കുടിശ്ശിക ബാധകമാക്കിയിട്ടില്ല. |
| (സി) | വായ്പ കുടിശ്ശിക ഉള്ളവർ മരണപ്പെടുകയോ മാരകരോഗങ്ങൾക്ക് ഇരയാവുകയോ ചെയ്താൽ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കാൻ കഴിയുമോ; ഇപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി ഇടുക്കി ജില്ലയിൽ നിന്നും 2022 വർഷത്തിൽ എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ഇടുക്കി ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി 2022 ജനുവരി മുതൽ ഡിസംബർ വരെ ആകെ **666 അപേക്ഷകൾ** ലഭിച്ചിട്ടുണ്ട്. ആയതിൽ അർഹരായ **27 അപേക്ഷകൾക്ക്** റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ **85അപേക്ഷകൾ** നിരസിച്ചിട്ടുള്ളതും, 118 അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക്/ സംഘങ്ങൾക്ക് കത്ത് അയച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 436 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.<br><br>കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം വായ്പാക്കാരൻ മരണപ്പെട്ടാൽ, മരണപ്പെട്ട തീയതിയിൽ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതലിൽ വായ്പാക്കാരൻ കുടിശ്ശിക വരുത്തിയാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി 4(b) പ്രകാരം മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ ചികിത്സാ ധനസഹായത്തിന് കുടിശ്ശിക ബാധകമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ